4. പല സ്ഥലങ്ങളിൽ നിന്നും ശേഖരിച്ചമണ്ണ് കൂട്ടി കലർത്തി അതിൽ നിന്നും കല്ലുകൾ, ചെടിയുടെ അവശിഷ്ടങ്ങൾ എന്നിവനീക്കം ചെയ്യുക.
5. അതിനു ശേഷം മണ്ണ വൃത്തിയുള്ള പേപ്പറിൽ നിരത്തി അത് 4 സമഭാഗങ്ങളായി ഭാഗിച്ച് അതിൽ 2 എതിർഭാഗങ്ങൾ മാത്രം എടുക്കുക.
6. മണ്ണിന്റെ തൂക്കം 500 ഗ്രാം ആകുന്നതുവരെ ഈരീതിയിൽ തുടരുക.
7. ഇങ്ങനെ തയാറാക്കിയ സാമ്പിൾ വൃത്തിയുള്ള തറയിലോ കടലാസിലോ നിരത്തി തണലത്തിട്ട് ഉണക്കണം
8. ഉണങ്ങിയ മണ്ണ് സാമ്പിൾ തുണി സഞ്ചിയിലോ പ്ലാസ്റ്റിക്സഞ്ചിയിലോ ശേഖരിച്ച് പരിശോധനയ്ക്കായി ലാബിൽ എത്തിക്കുക.
9. ശേഖരിച്ച് 6 മാസം കഴിഞ്ഞ മണ്ണ് പരിശോധനയ്ക്ക് അയയ്ക്കാൻ പാടില്ല.








## മണ്ണ്സാമ്പിളിനോടൊപ്പംഇനിപറയുന്നവിവരങ്ങൾനൽകേണ്ടതാണ്

1. കർഷകന്റെ പേരും മേൽവിലാസവും
2. പഞ്ചായത്ത്
3. വില്ലേജ്
4. സാമ്പിൾ എടുത്ത തിയതി
5. കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന വിള
6. ഇതിനു മുമ്പ് കൃഷി ചെയ്തിരുന്ന വിളയും വള പ്രയോഗവും.
7. കൃഷിയ്ക്കായുള്ളവെള്ളത്തിന്റെ സ്രോതസ്സ്
8. സ്ഥലത്തിന്റെ കിടപ്പും നീർവാർച്ചാ സൗകര്യവും .


തയ്യാറക്കിയത് (7994019668)

മഞ്ചു ജിൻസി വർഗ്ഗീസ്, എസ്.എം.എസ് (മണ്ണ്സംരക്ഷണം),
പ്രീതു കെ പോൾ ,എസ്.എം.എസ്(അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ),
ആർ. മാരിമുത്തു , സീനിയർ സയന്റിസ്റ്റ് ആൻഡ്ഹെഡ് ,
ICAR കൃഷി വിജ്ഞാനകേന്ദ്രം
ശാന്തൻപാറ, ഇടുക്കി




# മണ്ണ്പരിശോധന കാര്യക്ഷമമായ വളപ്രയോഗത്തിന്


**ICAR-Krishi Vigyan Kendra**

**Hosted By: Bapooji Sevak Samaj**
Farm Science Centre, ICAR Govt. of India
Idukki Dist
Pethotty. P.O, Santhanpara, Idukki, Kerala, Pin: 685619
Phone: (04868) 247541, 247715
Email: kvksanthanpara@gmail.com
Website: www.kvkidukki.org

# മണ്ണ് പരിശോധന കാര്യക്ഷമമായ വളപ്രയോഗത്തിന്

മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നത് അതിലടങ്ങിയിരിക്കുന്ന സസ്യമൂലകങ്ങൾ ആണ്. മണ്ണിന്റെ പ്രകൃത്യാ (സ്വതസിദ്ധമായി) ഉള്ള ഫലഭൂയിഷ്ഠത അറിയാനാണ് മണ്ണുപരിശോധന നടത്തുന്നത്. ചെടികളുടെ വളർച്ചയ്ക്ക



ആവശ്യമായ പ്രധാന മൂലകങ്ങ ളുടെ അളവ്, അമ്ലഗുണത്തിന്റെ തോത്, ജൈവാംശത്തിന്റെ അളവ് എന്നീ കാര്യങ്ങൾ മണ്ണുപരിശോധനവഴി അറിയാൻ കഴിയും.

## മണ്ണു പരിശോധനയുടെ ആവശ്യകത.

മണ്ണിലുള്ള വിവിധ പോഷകങ്ങളുടെ അളവ് മനസിലാക്കി കുറവുള്ള പോഷകങ്ങൾ ആവശ്യമായ തോതിൽ നൽകുന്നതിലൂടെ സസ്യങ്ങളുടെ വളർച്ചയെ മെച്ചപ്പെടുത്തി വിളവ്വർദ്ധിപ്പിക്കുവാൻ കഴിയും. അശാസ്ത്രീയമായ രാസവളപ്രയോഗത്തിലൂടെ മണ്ണിലെ ജൈവാംശം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.



രാസവളങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിന് ജൈവാംശം അത്യാവശ്യമാണ്. അമ്ലതയുടെ തോത്കുറയ്ക്കുവാനായി ഉപയോഗിക്കേണ്ട കുമ്മായത്തിന്റെ അളവും അറിയാൻ കഴിയും.

## മണ്ണു പരിശോധനവഴി താഴെപറയുന്ന കാര്യങ്ങൾമനസിലാക്കാവുന്നതാണ്.

- മണ്ണിന്റെ സ്വഭാവം അനുസരിച്ച് നൽകേണ്ട വളങ്ങൾ നിശ്ചയിക്കാം.
- മണ്ണിന്റെ അമ്ലത്വത്തിന്റെ തോത് അനുസരിച്ച് കുമ്മായം ചേർക്കാം.
- മണ്ണിൽ ചേർക്കേണ്ട വളങ്ങളുടെ അളവ് കൃത്യമായി കണ്ടുപിടിച്ച് വളപ്രയോഗം നടത്താം .അതുവഴി പാഴ്ചെലവ് ഒഴിവാക്കാം.
- മണ്ണിൽ ചേർക്കേണ്ട ജൈവ വളത്തിന്റെ അളവ് അറിയാം.
- ചെടിയുടെ വളർച്ചയ്ക്ക് അത്യാവശ്യമായ മൂലകങ്ങൾ കൃത്യമായ അളവിൽ ലഭ്യമാക്കാം.

## സാമ്പിൾ ശേഖരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പരിശോധനയ്ക്ക് എടുക്കേണ്ട മണ്ണ് മുഴുവൻ സ്ഥലത്തെയും പ്രതിനിധീകരിക്കേണ്ടതാണ്.
2. മണ്ണ് സാമ്പിൾ ശേഖരിക്കുമ്പോൾ മണ്ണിന്റെ നിറം, തരം, കൃഷിരീതി, നീർവാർച്ച സ്ഥലത്തിന്റെ ചെരിവ് എന്നിവ ഒരുപോലെ ആയാൽ മാത്രമേ ഒരു പ്രദേശത്തെ മണ്ണ് ഒരുയൂണിറ്റായി കണക്കാവൂ. അതിൽ ഏതെങ്കിലും ഒരുഘടകം വ്യത്യാസം വന്നാൽ ആപ്രദേശം മറ്റൊരു യൂണിറ്റായി കണക്കാക്കും
3. കമ്പോസ്റ്റ് കുഴികൾക്കു സമീപമുള്ള സ്ഥലങ്ങൾ, കന്നുകാലി തൊഴുത്ത്, എലിമാളങ്ങൾ, വൃക്ഷങ്ങളുടെ തടങ്ങൾ, വെളിപ്രദേശങ്ങൾ, അടുത്ത കാലത്തു വളം ചെയ്ത പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നും മണ്ണുസാമ്പിൾ എടുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

## പരിശോധനയ്ക്കായി മണ്ണു സാമ്പിൾ എടുക്കേണ്ട വിധം

1. പരിശോധനയ്ക്കായി മണ്ണുശേഖരിക്കുന്നതിന് ഏറ്റവും പറ്റിയ സമയം, ഹ്രസ്വകാലവിളയാണെങ്കിൽ വിളവെടുപ്പ് കഴിഞ്ഞ ഉടനെയും ,ദീർഘ കാലവിളകൾക്ക് വളപ്രയോഗം നടത്തുന്നതിനു തൊട്ടു മുമ്പുമാണ്.
2. മണ്ണുസാമ്പിൾ എടുക്കുന്ന സ്ഥലത്തെ പുല്ലും ഉണങ്ങിയ ഇലകളും നീക്കം ചെയ്ത് വൃത്തിയാക്കി V ആകൃതിയിൽ മൺവെട്ടിയോ, തൂമ്പയോ കൊണ്ട് മണ്ണ് വെട്ടിയെടുക്കുക. V ആകൃതിയുടെ ചരിഞ്ഞ വശത്തുനിന്നും ഒന്നോ, രണ്ടോ ഇഞ്ച് കനത്തിൽ ഒരു പാളിമണ്ണ് അരിഞ്ഞെടുത്ത് വൃത്തിയുള്ള പേപ്പറിലോ, പ്ലാസ്റ്റിക് കൂടിലോ ശേഖരിക്കുക.
3. ഒരു എക്കറിൽനിന്നും 8 മുതൽ 10 വരെ സാമ്പിളുകൾ ശേഖരിച്ച ശേഷം എല്ലാം കൂടിയോജിപ്പിച്ച് ഒരു കൂട്ടു സാമ്പിൾ ഉണ്ടാക്കുന്നു. സാമ്പിൾ എടുക്കുമ്പോൾ ഒരേ ദിശയിൽ നിന്നും മാത്രം മണ്ണെടുക്കാതെ ഇടതും വലതും മാറി നടന്ന് മണ്ണെടുക്കാൻ ശ്രദ്ധിക്കണം. പരിശോധനയ്ക്ക് ഏകദേശം 500 ഗ്രാം മണ്ണ് മതിയാകും.

